# മാവൂർ സമരനേതാവ് രോഗശയ്യയിൽനിന്ന് എഴുതുന്നു

സുഹൃത്തെ,

**ഞാൻ** കെ.എ.റഹ്മാൻ. മുൻ വാഴക്കാട് പഞ്ചായത്ത് പ്രസിഡന്റ് ഇപ്പോൾ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അംഗം. കാൻസർ രോഗിയായി ആശുപത്രി കിടക്കയിൽ വച്ചാണ് താങ്കൾക്ക് ഈ കത്തെഴുതുന്നത്.



മാവൂരിൽ ബിർള ഗ്രൂപ്പിന്റെ ഉടമസ്ഥതയിൽ രാസവസ്തുക്കളുടെയും പുറത്തുവിടുന്ന വിഷവാതകങ്ങളുടെയും രാസവിഷ മലിനീകരണത്തിനെതിരെ സമരരംഗത്ത് മുൻനിരയിൽതന്നെ പ്രവർത്തിച്ചവരിലൊരാളാണ് ഞാൻ. ഗ്രാസിമിൽനിന്നുള്ള വിഷമലിനീകരണം അവസാനിപ്പിക്കണമെന്നായിരുന്നു അന്ന് എന്റെയും എന്റെ നാട്ടുകാരുടെയും ആവശ്യം.

എന്റെ നാട്ടുകാരുടെയും വരും തലമുറയുടെയും ഭാവിയെക്കുറിച്ച് ഞാൻ ആശങ്കാകുലനാണ്. എല്ലാവിധ നിയമങ്ങളും അവഗണിച്ച് ഗ്രാസിം ഇൻഡസ്ട്രീസ് അതിന്റെ രാസവിഷമലിനീകരണം തുടരുന്നു. അവരെ സംരക്ഷിക്കാൻ സർക്കാരും തൊഴിലാളി നേതാക്കളുമുണ്ട്. എന്നാൽ കാൻസറിനിരകളായി മരിച്ചൊടുങ്ങുന്ന നാട്ടുകാരെ രക്ഷിക്കാൻ ഇവരാരുമില്ല. ഈ സാഹചര്യത്തിൽ ഇവരുടെ ഭാവി സുരക്ഷിതമാക്കാനും ജീവിക്കാനുള്ള മനുഷ്യാവകാശത്തിനും വേണ്ടി സമരം തുടരുകയല്ലാതെ മാർഗമില്ല. ഇവരെ രക്ഷിക്കാൻ എന്നാലാവുന്നത് ഞാൻ ചെയ്യുകയാണ്. എത്രകാലം എന്നറിയില്ല. എങ്കിലും അവസാനനിമിഷം വരെ ഈ മനുഷ്യർക്കുവേണ്ടി പോരാടാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. മരണം വരെ കമ്പനിപ്പടിക്കൽ അനിശ്ചിതകാല നിരാഹാര സമരം നടത്താനായിരുന്നു എന്റെ ആഗ്രഹം. എന്നാൽ, രോഗം എന്നെ കീഴ്പ്പെടുത്തുകയാണ്. ഇപ്പോൾ നേരെ നിവർന്നുനിൽക്കാനോ നടക്കാനോ കഴിയാത്തവിധം ഞാൻ രോഗിയാണ്. എങ്കിലും ഈ രോഗശയ്യയിൽ കിടന്നും മലിനീകരണത്തിനും രോഗമരണങ്ങൾക്കുമെതിരേ സമരം തുടരാൻ ഞാൻ ശ്രമിക്കയാണ്.

ഇനി ചെറിയ തോതിലുള്ള മലിനീകരണം പോലും ഈ മനുഷ്യരെയും ഭാവിതലമുറയെയും രോഗികളാക്കി കൊന്നൊടുക്കുമെന്നു തന്നെ ഞാൻ ഭയക്കുന്നു. ഇതിന്റെ ഏറ്റവും നല്ല തെളിവ് ഞാൻ തന്നെ. **35 വർഷക്കാലം എന്തിനെതിരെ പൊരുതിയോ അതേ മലിനീകരണത്തിന്റെ ഇരയായി ഞാനും കാൻസർ രോഗിയായി കഴിഞ്ഞിരിക്കുന്നു.** തിരുവനന്തപുരം കാൻസർ റിസർച്ച് സെന്ററിലെ ചികിത്സയ്ക്കുശേഷം ഫറൂഖ് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുകയാണ് ഞാൻ.

തുടർച്ചയായ രാസവിഷ മലിനീകരണത്തിന്റെ അനന്തരഫലമായി ജനങ്ങൾ കാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്കിരയായി മരിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടത് 90 കളിലാണ്. തുടർന്നു നടത്തിയ സർവേയിൽ **അഞ്ചു കൊല്ലത്തിനകം 215 പേർ വാഴക്കാട് പഞ്ചായത്തിൽ മാത്രം കാൻസർ പിടിച്ചു മരിച്ചതായി കണ്ടെത്തി.** ഇതേത്തുടർന്ന് 96-ലാണ് മനുഷ്യനെ രോഗിയാക്കി കൊല്ലുന്ന ഈ ഫാക്ടറി അടച്ചുപൂട്ടണമെന്ന ആവശ്യം ഞങ്ങളുന്നയിച്ചത്. തിരുവനന്തപുരം റീജണൽ **കാൻസർ സെന്ററിലെ വിദഗ്ദ്ധർ നടത്തിയ പഠനത്തിൽ വാഴക്കാട് പഞ്ചായത്തിലെ 29 ശതമാനം മരണങ്ങളും കാൻസർ മൂലമാണെന്ന് കണ്ടെത്തി. 98-ൽ ഈ പഞ്ചായത്തിലെ കാൻസർ മരണം 50 ശതമാനത്തിനു മുകളിലാണ്.** വരും വർഷങ്ങളിൽ ഓരോരുത്തരായി കാൻസർ പിടിച്ചു മരിച്ചുതീരുമെന്ന കാര്യത്തിൽ സംശയമില്ല. നേരത്തെ പ്രായമുള്ളവരെയാണ് കാൻസർ പിടികൂടിയതെങ്കിൽ ഇപ്പോൾ കുട്ടികളെയും യുവാക്കളെയുമാണ് ഈ രോഗം കൊന്നൊടുക്കുന്നത്.

ജീവിക്കാനുള്ള മൗലികാവകാശത്തിനുവേണ്ടിയാണ് ഈ സമരം. ഈ സമരത്തിൽ ഒരു മനുഷ്യൻ എന്ന നിലയിൽ താങ്കൾക്കും പങ്കാളിയാകാനാകും. ഞങ്ങളെ സഹായിക്കാനും. **ലോകത്തെ മുഴുവൻ നല്ല മനുഷ്യരും ഈ സമരത്തിൽ ഞങ്ങളോടൊപ്പമുണ്ടെന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്. താങ്കൾക്ക് ഞങ്ങളെ ഈ ആപത്തിൽനിന്നു രക്ഷിക്കാൻ എന്തൊക്കെ ചെയ്യാനാകും? ഏതു വിധത്തിലെല്ലാം സഹായിക്കാനാകും?**

**കഴിയുന്ന വിധത്തിലെല്ലാം ഞങ്ങളെ സഹായിക്കണമെന്നും നിസ്സഹായരായ ഈ മനുഷ്യരെ രക്ഷിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.**

**കെ.എ.റഹ്മാൻ, വാഴക്കാട്**
കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തംഗം
'ചാലിയാർ', വാഴക്കാട്, മലപ്പുറം ജില്ല, കേരളം

ഇതിനെക്കുറിച്ച് ആലോചിക്കുന്നത് 1999 ജനുവരി 17-ന് ഞായറാഴ്ച രാവിലെ 10 മണിക്ക് കോഴിക്കോട് ടൗൺ ഹാളിൽ ചേരുന്ന യോഗത്തിൽ താങ്കൾ പങ്കെടുക്കുമല്ലോ.

**ഡോ. കെ.വി.ഹമീദ്**
ചെയർമാൻ, ചാലിയാർ സമരസമിതി, പേട്ട,
ഫറോക്ക് 673 631, കോഴിക്കോട്, കേരളം.